"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - പത്രപ്രവർത്തകേതര ജീവനക്കാരുടെ പെൻഷൻ പദ്ധതി - 11.02.2021-ലെ പെൻഷൻ മാനേജിംഗ് കമ്മിറ്റി യോഗതീരുമാനങ്ങൾ അംഗീകരിച്ച്, വ്യവസ്ഥകൾ/ഇളവുകൾ ഏർപ്പെടുത്തിയും ചുമതല നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.73/2021/ഐ & പി.ആർ    തിരുവനന്തപുരം, തീയതി: 04/05/2021

പരാമർശം:- 1. സ.ഉ. (പി) നം. 2/2000/പി.ആർ, തീയതി 04.02.2000.
2. 11.02.2021-ലെ പത്രപ്രവർത്തകേതര പെൻഷൻ മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

പത്രപ്രവർത്തകേതര ജീവനക്കാരുടെ പെൻഷൻ പദ്ധതിയുടെ മാനേജിംഗ് കമ്മിറ്റി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.02.2021-ൽ ഓൺലൈൻ ആയി യോഗം ചേരുകയുണ്ടായി. കമ്മിറ്റിയുടെ സൂചന (2) പ്രകാരമുള്ള ശുപാർശകൾ അംഗീകരിച്ചു കൊണ്ടും അതിന്റെ അടിസ്ഥാനത്തിൽ താഴെ പരാമർശിക്കുന്നത് പ്രകാരം വ്യവസ്ഥകൾ /ഇളവുകൾ ഏർപ്പെടുത്തിയും, ചുമതല നൽകിയും ഉത്തരവാകുന്നു.

| | വിഷയം | | ഉത്തരവ് |
|---|---|---|---|
| 1. | കൺഫർമേഷൻ ലഭിച്ച് ആറു മാസത്തിനകം പെൻഷൻ പദ്ധതിയിൽ അംഗത്വത്തിനു അപേക്ഷിക്കണം എന്ന വ്യവസ്ഥയിലെ ഭേദഗതി, നിരസിച്ച അപേക്ഷകൾ അംഗീകരിക്കുന്നത്, അംഗത്വം നൽകുന്നതിനുള്ള അധികാരം എന്നിവ സംബന്ധിച്ച് | (എ) | ചട്ടം 6-ലെ, "പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർ പ്രത്യേക തസ്തികയിൽ കൺഫർമേഷൻ കിട്ടി ആറു മാസത്തിനകം അപേക്ഷിച്ചിരിക്കണം" എന്ന വ്യവസ്ഥ ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു. |
| | | (ബി) | 15-05-2018ൽ കൂടിയ പത്രപ്രവർത്തകേതര പെൻഷൻ കമ്മിറ്റി യോഗത്തിൽ (അജണ്ട 17) പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം അനുവദിക്കുന്നതിനായി സമർപ്പിച്ച 360 അപേക്ഷകളിൽ നിലവിൽ പരിഗണനയിൽ ഉള്ള 319 പേരിൽ അർഹരായവർക്ക്, അപേക്ഷ നൽകിയതിൽ വന്ന കാലതാമസം മാപ്പാക്കി പെൻഷൻ അംഗത്വം അനുവദിക്കാവുന്നതാണ്. |
| | | (സി) | നയപരമായ തീരുമാനം ആവശ്യമായ അപേക്ഷകളിലും വിവേചനാധികാരം ഉപയോഗിച്ച് തീരുമാനം എടുക്കേണ്ടതായ അപേക്ഷകളിലും ഉപസമിതിയുടെ വ്യക്തമായ ശുപാർശയോടെ കമ്മിറ്റി അദ്ധ്യക്ഷനായ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരം തേടുകയോ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്യേണ്ടതാണ്. അവയിൽ കമ്മിറ്റിയുടെ/സർക്കാരിന്റെ തീരുമാനം വന്നതിനു ശേഷം തുടർ നടപടി സ്വീകരിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | (ഡി) | രേഖകൾ പൂർണമായ കേസുകളിൽ കമ്മിറ്റിയുടെ തീരുമാനപ്രകാരം അംഗത്വം നൽകേണ്ട സാഹചര്യം ഒഴിവാക്കി, അത്തരം അപേക്ഷകളിൽ താൽക്കാലികമായി അംഗത്വം നൽകുന്നതിന് വകുപ്പ് ഡയറക്ടർക്കു അധികാരം നൽകുന്നു. തുടർന്ന് നടക്കുന്ന കമ്മിറ്റി /ഉപസമിതി യോഗത്തിൽ ഡയറക്ടറുടെ തീരുമാനത്തിന്റെ സാധൂകരണത്തിനും അംഗത്വം സ്ഥിരപ്പെടുത്തുന്നതിനുമായി പ്രസ്തുത അപേക്ഷയുടെ വിവരം/ഫയൽ സമർപ്പിച്ചാൽ മതിയാകുന്നതാണ്. |
| 2. | പെൻഷൻ അനുവദിക്കാൻ ആവശ്യമായ രേഖകൾ പുനർനിർണയിച്ചത്, സാക്ഷ്യപ്പെടുത്തൽ, പരിശോധന, ഇന്ത്യൻ എക്സ്പ്രസ്സിൽ നിന്നു സമരം മൂലം വിട്ടുനിന്ന 8 പേർക്ക് പെൻഷൻ അനുവദിക്കുന്നത് എന്നിവ സംബന്ധിച്ച് | (എ) | തൊഴിൽ സർട്ടിഫിക്കറ്റ്, സ്ഥാപനം ഉടമ നൽകുന്നതോ ജോലി ചെയ്യുന്ന ജില്ലയിലെ സംഘടനാ പ്രസിഡന്റ് /ജനറൽ സെക്രട്ടറി /സെക്രട്ടറി നല്കുന്നതോ ആകാം എന്ന് ചട്ടം 14(1), പ്രസ്തുത ഉത്തരവിന്റെ അനുബന്ധം 3 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്.<br><br>അതിനാൽ ഇന്ത്യൻ എക്സ്പ്രസ്സിൽ നിന്നു സമരം മൂലം വിട്ടുനിന്ന 8 ജീവനക്കാർ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം നേടിയവരും, ചട്ടം അനുശാസിക്കുന്നത് പ്രകാരം വിരമിച്ചവരും, പൂർണമായി ക്രമപ്രകാരം അംശദായം അടച്ചിട്ടുള്ളവരും ആണെന്ന് രേഖകളുടെ അടിസ്ഥാനത്തിൽ ബോധ്യപ്പെടുകയും നിലവിൽ ഉള്ള കോടതി കേസ് പെൻഷനുമായി ബന്ധപ്പെടുന്നതല്ല എന്നു വ്യക്തമാകുകയും ചെയ്യുന്ന പക്ഷം, മേൽപ്രകാരം സംഘടന നല്കുന്ന എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് പെൻഷൻ അനുവദിച്ച് നൽകുന്ന വിഷയം വകുപ്പ് ഡയറക്ടർക്ക് പരിഗണിക്കാവുന്നതാണ്. |
| | | (ബി) | എല്ലാ പെൻഷൻ അപേക്ഷകളിലും ചുവടെ പരാമർശിക്കുന്ന രേഖകൾ ലഭ്യമാക്കുന്ന അംഗങ്ങൾക്ക് തുടർ പരിശോധനയുടെ അടിസ്ഥാനത്തിൽ ചട്ടം/ബന്ധപ്പെട്ട മറ്റ് ഉത്തരവുകൾ അനുസരിച്ചുള്ള പെൻഷൻ അനുവദിച്ച് നൽകാം.<br><br>ചട്ടം 15, ബന്ധപ്പെട്ട മറ്റ് ഉത്തരവുകൾ എന്നിവ പ്രകാരം ഐ&പി.ആർ.ഡി ഡയറക്ടർ പെൻഷൻ അനുവദിച്ച് നൽകേണ്ടതാണ്.<br><br><u>(I) ചട്ടപ്രകാരമുള്ള അപേക്ഷ</u><br><br>പത്രപ്രവർത്തകേതര ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി ചട്ടം 14(1), അനുബന്ധം 2 (സർക്കാർ ഉത്തരവ് (പി) നം. 2/2000/പി. ആർ. തീയതി: 4-2-2000) എന്നിവ പ്രകാരം നിശ്ചിത മാതൃകയിലുള്ള അപേക്ഷയാണ് നൽകേണ്ടത്.<br><br>{അപേക്ഷ സമർപ്പിക്കുന്ന ദിവസത്തെ തീയതി തന്നെയാണോ അനുബന്ധം 2-ൽ തീയതിക്ക് നേരെ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ (ന്യൂ ഡൽഹിയിൽ ഇൻഫർമേഷൻ ഓഫീസർ/ ഡെപ്യൂട്ടി ഡയറക്ടർ) ബോധ്യപ്പെടണം.}<br><br><u>(II) അസ്സൽ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ്/റിപ്പോർട്ട്</u><br><br>അംഗം ജോലി ചെയ്തിരുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നുമുള്ള, നിശ്ചിത മാതൃകയിലുള്ള അസ്സൽ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ആണ് |

നൽ കേണ്ടത്. സ്ഥാപനത്തിലെ മാനേജിംഗ് ഡയറക്ടർ/ മാനേജിംഗ് എഡിറ്റർ/ നിയമനാധികാരി മാത്രമാണ് സർട്ടിഫിക്കറ്റ് നൽകേണ്ടത്.

{ചട്ടത്തിന്റെ അനുബന്ധം 3 പ്രകാരമുള്ള സർട്ടിഫിക്കറ്റിന്റെ പരിഷ്കരിച്ച മാതൃക ഈ ഉത്തരവിന്റെ അനുബന്ധം ആയി ചേർ ത്തിരിക്കുന്നു. സർട്ടിഫിക്കറ്റ്/റിപ്പോർട്ട് സ്ഥാപനത്തിന്റെ ഔദ്യോഗിക ലെറ്റർ ഹെഡിൽ ലഭ്യമാക്കേണ്ടതാണ്.

അംഗത്വം നേടിയതു മുതൽ വിരമിച്ചതു വരെ അംഗം ജോലി ചെയ്ത എല്ലാ സ്ഥാപനങ്ങളിൽ നിന്നുമുള്ള എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെന്ന് ജില്ലാ ഇൻഫർമേഷൻ ഓഫീസർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർ (ന്യൂ ഡൽഹി ഓഫീസിൽ ഡെപ്യൂട്ടി ഡയറക്ടർ/ഇൻഫർമേഷൻ ഓഫീസർ) ഉറപ്പ് വരുത്തണം.}

സ്ഥാപനത്തിൽ നിന്നുള്ള തൊഴിൽ സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യത്തിൽ പത്രപ്രവർത്തകേതര സംഘടന നല്കുന്നതും ചട്ടത്തിൽ പരാമർശിച്ചതുമായ സർട്ടിഫിക്കറ്റ്/റിപ്പോർട്ട് നൽകാം.

**(III) പാസ് ബുക്കുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

നിശ്ചിതകാലം ക്രമപ്രകാരം അംശദായ തുക അടച്ച വിവരം രേഖപ്പെടുത്തിയ എല്ലാ പാസ് ബുക്കുകളുടെയും ജില്ലാ ഇൻഫർമേഷൻ ഓഫീസർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ആണ് നൽകേണ്ടത്. ന്യൂ ഡൽഹി ഓഫീസിൽ ഡെപ്യൂട്ടി ഡയറക്ടർ/ ഇൻഫർമേഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം.

{ഓഫീസ് രേഖകളുടെ (രജിസ്റ്റർ/രസീത്) കൂടി അടിസ്ഥാനത്തിലാണ് പകർപ്പ് സാക്ഷ്യപ്പെടുത്തേണ്ടത്. അംഗത്വം നേടിയതു മുതൽ വിരമിച്ചതു (58/60 വയസ്) വരെ അംഗം ക്രമപ്രകാരം, കൃത്യമായി അംശദായം അടച്ചിരുന്നോ എന്ന് ഉറപ്പ് വരുത്തണം.}

**(IV) വയസ് തെളിയിക്കാനുള്ള നിശ്ചിത രേഖ**

വയസ് തെളിയിക്കാൻ എസ് എസ് എൽ സി ബുക്ക്/ പാസ്പോർട്ട് /ആധാർ/ഇലക്ഷൻ ഐ ഡി കാർഡ് /ഡ്രൈവിങ് ലൈസൻസ്/ പാൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പാണ് നൽകേണ്ടത്.

സാക്ഷ്യപ്പെടുത്തുന്നവർ തങ്ങളുടെ ഒപ്പ്, പേര്, തസ്തിക, സ്ഥാപനം, സാക്ഷ്യപ്പെടുത്തുന്ന സ്ഥലം, തീയതി എന്നിവ പകർപ്പിൽ രേഖപ്പെടുത്തണം.

**(V)(ഓപ്ഷണൽ-അംഗത്വം സംബന്ധിച്ച് അവ്യക്തത ഉള്ള അപേക്ഷകളിൽ മാത്രം):**

പദ്ധതി അംഗത്വം അനുവദിച്ച രേഖയുടെയോ സ്ഥാപനത്തിലെ കൺഫർമേഷൻ ഉത്തരവിന്റേയോ വിരമിക്കൽ രേഖയുടെയോ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

| | | | |
|---|---|---|---|
| | | (സി) | <u>(I) രേഖകളുടെ സൂക്ഷ്മപരിശോധന</u><br>പത്രപ്രവർത്തകേതര പെൻഷൻ ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ (ന്യൂ ഡൽഹിയിൽ ഇൻഫർമേഷൻ ഓഫീസർ/ഡെപ്യൂട്ടി ഡയറക്ടർ) സ്വീകരിക്കുന്ന അവസരത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങളിൽ സൂക്ഷ്മപരിശോധന നടത്തേണ്ടതാണ്.<br><br><u>(II) വ്യക്തമായ ശുപാർശ</u><br>അപേക്ഷകന് പെൻഷൻ അനുവദിക്കാമോ എന്ന ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ/ മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ (ന്യൂ ഡൽഹിയിൽ ഇൻഫർമേഷൻ ഓഫീസർ/ഡെപ്യൂട്ടി ഡയറക്ടർ) വ്യക്തമായ ശുപാർശ സഹിതം അപേക്ഷയും അനുബന്ധരേഖകളും ഐ.&പി.ആർ.ഡി. ഡയറക്ടർക്ക് അയയ്ക്കേണ്ടതാണ്. |
| 3 | പെൻഷൻ തുകയ്ക്ക് ആനുപാതികമായി കുടുംബ പെൻഷൻ തുക വർദ്ധിപ്പിക്കുന്ന വിഷയം | | ഈ വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതിനാലും, ചട്ടം 18(1) പ്രകാരം പെൻഷന്റെ 5 0 % തുക കുടുംബ പെൻഷനായി നല്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാലും, പത്രപ്രവർത്തകേതര പെൻഷൻ തുകയുടെ 5 0 % തുകയായി കുടുംബ പെൻഷൻ/ആശ്രിത പെൻഷൻ തുക വർദ്ധിപ്പിച്ചു നൽകാൻ ധനവകുപ്പിന് ശുപാർശ സമർപ്പിക്കാമെന്ന കമ്മിറ്റി തീരുമാനം അംഗീകരിച്ച് ഉത്തരവാകുന്നു. |
| 4 | കുടിശിക പെൻഷൻ സംബന്ധിച്ച് | | കുടിശിക തുക നൽകാനുള്ള ഫണ്ട് ധനവകുപ്പ് അടിയന്തരമായി അനുവദിക്കുന്നതിനായി അഡീഷണൽ ആതറൈസേഷനായി സബ്ജക്ട് കമ്മിറ്റി മുൻപാകെ സമർപ്പിക്കണമെന്ന കമ്മിറ്റി തീരുമാനം അംഗീകരിച്ച് ഉത്തരവാകുന്നു. |
| 5 | 2000-നു മുമ്പ് വിരമിച്ച 54 പേരെ അംഗീകരിക്കുന്ന വിഷയം | | 2000-നു മുൻപ് വിരമിച്ച നോൺ ജേണലിസ്റ്റുകൾക്കുള്ള പ്രത്യേക ക്ഷേമ പെൻഷൻ പദ്ധതി പ്രകാരം അർഹരാണെന്ന് സബ് കമ്മിറ്റി അംഗീകരിച്ച 54 പേരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും, മരണമടഞ്ഞവരുടെ മരണത്തീയതി വരെയുള്ള പെൻഷൻ ആശ്രിതർക്ക് അനുവദിച്ചു നൽകുന്നതിനും തീരുമാനിച്ച് ഉത്തരവാകുന്നു. |
| 6 | ആറു മാസത്തിലേറെ കാലം അംശദായ കുടിശ്ശിക വന്നത് മൂലം അംഗത്വം റദ്ദായി, തുടർന്ന് തുക അടയ്ക്കാൻ കഴിയാത്തവരുടെ വിഷയം, അനുമതി നൽകാനുള്ള അധികാരം എന്നിവ സംബന്ധിച്ച് | (എ) | കോവിഡ് 19 രോഗവ്യാപനം, ലോക്ക് ഡൗൺ തുടങ്ങിയവ കാരണം 2020 മാർച്ച് മുതൽ ഏതെങ്കിലും കാലഘട്ടത്തിൽ ആറു മാസത്തിലധികം അംശദായം അടയ്ക്കാൻ സാധിക്കാതെ അംഗത്വം റദ്ദായവരിൽ , മൂന്ന് തവണയിൽ താഴെ അംഗത്വം പുനഃസ്ഥാപിക്കപ്പെട്ടവർ ക്ക്, അവർ നിലവിൽ ചട്ടപ്രകാരമുള്ള പത്രപ്രവർത്തകേതര ജീവനക്കാരായി ജോലി ചെയ്യുന്നവരാണെങ്കിൽ അത് തെളിയിക്കാൻ നിശ്ചിത രേഖകൾ നൽകി, ഒറ്റത്തവണയായി 2021 ജൂൺ 30 വരെ 15% പിഴപ്പലിശ സഹിതം അംശദായം അടയ്ക്കാൻ അനുവദിച്ച് അംഗത്വം പുനഃസ്ഥാപിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. |
| | | ബി) | 2020 മാർച്ചിന് മുൻപ് മേൽപ്രകാരം അംഗത്വം റദ്ദായവരുടെ വിഷയം ഇപ്പോൾ പരിഗണിക്കേണ്ടതില്ല. |

| | | | |
|---|---|---|---|
| | | സി) | നിലവിൽ ഇപ്രകാരം അംഗത്വം പുനഃസ്ഥാപിക്കുന്നതിന് ചട്ടം 11(2) പ്രകാരം മാനേജിങ് കമ്മിറ്റിക്കാണ് അധികാരം. ചട്ടം 7(3)-ൽ പരാമർശിച്ചത് പ്രകാരം തുടർച്ചയായി ആറു മാസത്തിലധികം കാലം അംശദായം അടയ്ക്കാതെ അംഗത്വം റദ്ദാകുന്നവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേട്ട്, പരമാവധി മൂന്നു തവണ വരെ കാലതാമസം മാപ്പാക്കി, അംഗത്വം പുനഃസ്ഥാപിച്ചു നൽകുന്നതിനു വകുപ്പ് ഡയറക്ടർക്ക് അധികാരം നൽകിക്കൊണ്ട് ഉത്തരവാകുന്നു. |
| | | ഡി) | ഇപ്രകാരം ഡയറക്ടർ അംഗത്വം പുനഃസ്ഥാപിച്ചു നൽകുന്ന പക്ഷം, തൊട്ടടുത്ത കമ്മിറ്റി/ഉപസമിതി യോഗത്തിൽ ഫയൽ/ വിഷയം സമർപ്പിച്ചു സാധൂകരണം തേടേണ്ടതാണ്. |
| 7 | ഉപസമിതിക്ക് കൂടുതൽ ഉത്തരവാദിത്വം നൽകി പരിഷ്കരിക്കുന്ന വിഷയം | (എ) | ഉപസമിതിയിൽ 5 അംഗങ്ങൾ എന്നാക്കി പരിഷ്കരിച്ച് പുതിയ അധികാരങ്ങൾ ഏൽപ്പിച്ചു കൊണ്ട് ഉത്തരവാകുന്നു.<br><br>രേഖകളിലെ അവ്യക്തത മൂലമോ മറ്റ് ഏതെങ്കിലും തരത്തിലോ വകുപ്പ് തലത്തിൽ തീരുമാനം എടുക്കാൻ കഴിയാത്ത അപേക്ഷകളിൽ തീരുമാനം എടുക്കാൻ ഉപസമിതിക്ക് അധികാരം നൽകുന്നു. എന്നാൽ, നയപരമായ തീരുമാനം ആവശ്യമായ അപേക്ഷകളിലും വിവേചനാധികാരം ഉപയോഗിച്ച് തീരുമാനം എടുക്കേണ്ടതായ അപേക്ഷകളിലും ഉപസമിതിയുടെ വ്യക്തമായ ശുപാർശയോടെ കമ്മിറ്റി അദ്ധ്യക്ഷനായ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരം തേടുകയോ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്യേണ്ടതാണ്.<br>താൽക്കാലിക അംഗത്വം, താൽക്കാലിക പെൻഷൻ, അംഗത്വം പുനഃസ്ഥാപിക്കൽ തുടങ്ങിയ വിഷയങ്ങളിൽ ഡയറക്ടറുടെ തീരുമാനം സാധൂകരിക്കാനും അതുവഴി പെൻഷൻ, അംഗത്വം എന്നിവ സ്ഥിരപ്പെടുത്താനും ഉള്ള അധികാരം ഉപസമിതിക്ക് നൽകുന്നു. |
| | | (ബി) | ഉപസമിതി തീരുമാനപ്രകാരം ഉത്തരവ് ഇറക്കാം എങ്കിൽ പോലും ഉപസമിതിയുടെ ഏതു തീരുമാനവും ആത്യന്തികമായി മാനേജിംഗ് കമ്മിറ്റിയുടെ/സർക്കാരിന്റെ സാധൂകരണത്തിനു വിധേയമായിരിക്കും. |
| 8 | മുൻ ഉപസമിതി യോഗങ്ങളുടെ ശുപാർശകൾ, വ്യക്തിഗത വിഷയങ്ങൾ തുടങ്ങിയവ സംബന്ധിച്ച് | | 2018 മെയ് 15-ലെ കമ്മിറ്റി യോഗത്തിന് ശേഷം 26.08.2019, 20.02.2020 തീയതികളിൽ കൂടിയ ഉപസമിതി യോഗശുപാർശകൾക്ക് അംഗീകാരം നൽകുന്നതിനും, 11.02.2021-ലെ കമ്മിറ്റി യോഗത്തിൽ പരിഗണനയ്ക്ക് വരാത്ത വ്യക്തിഗത വിഷയങ്ങൾ തുടങ്ങിയവ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനും ഉപസമിതിയെ ചുമതലപ്പെടുത്തിക്കൊണ്ടും, അടുത്ത ഉപസമിതി യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി മറ്റു അംഗങ്ങളെയും പങ്കെടുപ്പിക്കുന്നതിന് തീരുമാനിച്ചുകൊണ്ടും, തുടർ നടപടി സ്വീകരിക്കുന്നതിന് മാനേജിംഗ് കമ്മിറ്റി കൺവീനറായ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു. |

പ്രത്യേകം തീയതി പരാമർശിക്കാത്ത തീരുമാനങ്ങൾക്ക് ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സീന.എ.എൻ**

**ഡെപ്യൂട്ടിസെക്രട്ടറി**

മാനേജിംഗ് കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signature valid
Digitally signed by ESSY JOSE
Date: 2021 10 34 39 IST
Reason: Approved

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ഐ. & പി. ആർ. ഡി. സെക്രട്ടറിയുടെ സി.എ
ഐ. & പി. ആർ. ഡി. ഡയറക്ടറുടെ സി.എ
ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ സി.എ
തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ സി.എ
ഐ. & പി. ആർ. ഡി. അഡീഷണൽ ഡയറക്ടർ( ജി & എ)
ഐ. & പി. ആർ. ഡി. അഡീഷണൽ ഡയറക്ടർ( ഇ എം ഡി)
ഡെപ്യൂട്ടി സെക്രട്ടറി, ഐ. & പി. ആർ. ഡി.
ഡയറക്ടറേറ്റിലെ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ഡെപ്യൂട്ടി ഡയറക്ടർ,ഐ. & പി. ആർ. ഡി., ന്യൂഡൽഹി
ഇൻഫർമേഷൻ ഓഫീസർ, ഐ. & പി. ആർ. ഡി., ന്യൂഡൽഹി
ഡയറക്ടറേറ്റിലെ എല്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
അക്കൗണ്ട്സ് ഓഫീസർ, ഐ & പി ആർ ഡി
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും

അനുബന്ധം

(Letter Head)

File No:.................................

Date:.........................

# EMPLOYMENT CERTIFICATE

(Issued by Managing Director/Managing Editor/Appointing Authority)
(As per the Government Order related to the recommendations of Pension Managing Committee Meeting on 11-2-2021)

This is to certify that Shri/Smt ...................................................................................... (*name*) is a regular & permanent non journalist of ........................................................................................ (*name of institution/organization*) and is currently working in the ......................................... office/ bureau/unit. His/her service particulars as per the records maintained by the company are furnished below.

| | | | |
|---|---|---|---|
| 1. | Employee No. | | |
| 2. | Date of Birth | | |
| 3. | Date of Joining | | |
| 4. | Date of Confirmation | | |
| 5. | Designation | | |
| 6. | Date of retirement | | |
| 7. | House Address of the Employee | | |

This certificate is issued to Shri/Smt ................................................................................... for producing before the Director, Information & Public Relations Department, Government of Kerala, to enroll him/her (to allow membership/to sanction non journalist pension/for other pension related requirements) under the Non Journalists Pension Scheme as per G.O.(P) No.2/2000/P.R., Dated 4-2-2000.

Place:

Signature:

Office Seal

Name of the officer:

Designation :